## പതിനാലാം കേരള നിയമസഭ
## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **1642** **19.01.2021 ൽ** മറുപടിക്ക്

### തെരുവുനായ്ക്കളുടെ ആക്രമണം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ . എം . വിൻസെന്റ്** | | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് തെരുവുനായ്ക്കളുടെ ആക്രമണത്തിൽ കൊല്ലപ്പെടുന്നവരുടെയും ഗുരുതരമായി പരിക്കേൽക്കുന്നവരുടെയും എണ്ണം വർദ്ധിച്ച് വരുന്നത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | പരിഗണിച്ചിട്ടുണ്ട്. |
| (ബി) | തെരുവ് നായ നിയന്ത്രണത്തിനായി നടപ്പിലാക്കുന്ന എ.ബി.സി. പ്രോഗ്രാം ഫലപ്രദമല്ലായെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | പരിശോധിച്ചിട്ടുണ്ട്. ഓരോ വർഷവും കുടുംബശ്രീ യൂണിറ്റ് വഴി പദ്ധതി നടപ്പിലാക്കുന്നതിന് കുടുംബശ്രീ ജില്ലാമിഷന് ഫണ്ട് അനുവദിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ എബിസി പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു. പദ്ധതി കൂടുതൽ ഫലപ്രദമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി പദ്ധതിക്കായി ഫണ്ട് വകയിരുത്തുന്നതിനായി ജില്ലാതല ക്യാമ്പയിൻ നടത്തുന്നതിനും, ജില്ലാതല പദ്ധതി നിർവഹണ പുരോഗതി വിലയിരുത്തുന്നതിനുള്ള നടപടികളും കുടുംബശ്രീ മിഷൻ വഴി സ്വീകരിച്ചിട്ടുണ്ട്. |
| സി) | സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം നൽകുവാൻ സുപ്രീം കോടതി നിയോഗിച്ച ജസ്റ്റിസ് സിരിജഗൻ കമ്മിറ്റിയുടെ ശുപാർശകൾ എല്ലാം നടപ്പിലാക്കിയിട്ടുണ്ടോ; | സംസ്ഥാനത്ത് തെരുവനായകളുടെ ആക്രമണത്തിന് വിധേയരാകുന്നവർക്ക് നഷ്ടപരിഹാരം നൽകാനാണ് സുപ്രീംകോടതി നിയോഗിച്ച ജസ്റ്റിസ്(റിട്ട.) സിരിജഗൻ കമ്മിറ്റി പ്രധാനമായും ശിപാർശ ചെയ്തുവരുന്നത്. കമ്മിറ്റി നാളിതുവരെ 28 റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നഷ്ടപരിഹാരം നൽകാൻ |

| | | |
|---|---|---|
| | | ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നഷ്ടപരിഹാരം നൽകി വരുന്നു. |
| ഡി) | കമ്മിറ്റിയുടെ ശുപാർശ പ്രകാരം നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള ബാധ്യത തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണോ എന്ന് അറിയിക്കുമോ; നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | നഷ്ടപരിഹാര തുക നൽകുന്നതിനുള്ള ഉത്തരവാദിത്തം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. സമയബന്ധിതമായി നഷ്ടപരിഹാര തുക ബന്ധപ്പെട്ടവർക്ക് കൈമാറുന്നതിന് വകുപ്പ് മേധാവികൾ മുഖാന്തിരം നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ) | പ്രസ്തുത കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇതിനകം എത്ര ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകിയെന്ന് അറിയിക്കുമോ ? | ഗ്രാമപഞ്ചായത്തുകളിൽ 2,12,96,678/- (രണ്ട് കോടി പന്ത്രണ്ട് ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അറുനൂറ്റി എഴുപത്തിയെട്ട്) രൂപയും നഗരസഭകളിൽ 1,38,40,305/- (ഒരു കോടി മുപ്പത്തിയെട്ട് ലക്ഷത്തി നാല്പതിനായിരത്തി മുന്നൂറ്റി അഞ്ച്) രൂപയും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ